**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87** | **02-02-2026 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2025 വരെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാണോ; പുനരധിവസിക്കപ്പെട്ടവരിൽ എത്രപേർക്ക് വീടിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **2016 മുതൽ 2025 വരെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വനാവകാശ നിയമ പ്രകാരം 4690 പേർക്ക് 6288.12 ഏക്കർ ഭൂമിയ്ക്ക് കൈവശാവകാശരേഖ വിതരണം ചെയ്തു. 213 പേർക്ക് 48.28 ഏക്കർ റവന്യൂ ഭൂമി വിതരണം ചെയ്തു. ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം 274 പേർക്ക് 149.039 ഏക്കർ ഭൂമി വിതരണം ചെയ്തു. ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 422 പേർക്ക് 78.55 ഏക്കർ ഭൂമി വിതരണം ചെയ്തു. നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 3426 പേർക്ക് 2106.21 ഏക്കർ ഭൂമി വിതരണം ചെയ്തു. പ്രളയ പുനരധിവാസ പദ്ധതി പ്രകാരം 171 പേർക്ക് 20.47 ഏക്കർ ഭൂമി വിതരണം ചെയ്തു. ഇത്തരത്തിൽ 2016 മുതൽ 2025 വരെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 9196 പേർക്കായി 8690.67 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.**<br><br>**2016 മുതൽ പുനരധിവസിപ്പിക്കപ്പെട്ട 1841 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.**<br><br>**2016 മുതൽ പുനരധിവാസത്തിന് ഭൂമി വാങ്ങുന്നതിനായി 76.65 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2016 മുതൽ പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 257.74 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.**<br><br>**തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ ഭൂമിയ്ക്കായി രണ്ട് പതിറ്റാണ്ടായി നടത്തി വന്നിരുന്ന സമരം അവസാനിപ്പിക്കുകയും വനാവകാശ നിയമ പ്രകാരം 33 കുടുംബങ്ങൾക്ക് 20** |

| | | | |
|---|---|---|---|
| | | | സെന്റ് മുതൽ 50 സെന്റ് വരെയുള്ള ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുകയും ചെയ്തു. ഇത്തരത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരം ജില്ല മാറി.<br><br>കൊല്ലം ജില്ലയിലെ അച്ചൻകോവിലിൽ വർഷങ്ങളായി ഷെഡിൽ താമസിച്ച് വന്നിരുന്ന 12 മലമ്പണ്ടാര കുടുംബങ്ങൾക്ക് 12.5 സെന്റ് വീതം ഭൂമി ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങി നൽകി.<br><br>പത്തനംതിട്ട ജില്ലയിലെ നൊമാഡിക് വിഭാഗക്കാരായ 73 മലമ്പണ്ടാര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വനാവകാശ നിയമ പ്രകാരം കൈവശാവകാശരേഖ നൽകി. ഈ വിഭാഗത്തിലെ 5 കുടുംബങ്ങൾക്ക് കൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br><br>തൃശ്ശൂർ ജില്ലയിൽ ചിമ്മിനി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കള്ളിചിത്രമലയിൽ നിന്നും കുടിയിറക്കപ്പെട്ട കള്ളിചിത്ര നടാംപാടം കോളനിയിലെ 17 കുടുംബങ്ങൾക്ക് ചാലക്കുടി താലൂക്കിൽ മുപ്ലിയം വില്ലേജിൽ 7.50 ഏക്കർ ഭൂമി വിതരണം ചെയ്തു.<br><br>മുത്തങ്ങ സമരത്തിൽ പങ്കെടുത്തതും ഭൂമി അനുവദിക്കേണ്ടതുമായ 37 കുടുംബങ്ങൾക്കു കൂടി ഒരേക്കർ വീതം ഭൂമി അനുവദിച്ചു.<br><br>മലപ്പുറം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്രാനുമതി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ 37 ഹെക്ടർ ഭൂമി കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>തൃശ്ശൂർ ജില്ലയിലെ ഒളകരയിൽ പതിറ്റാണ്ടുകളായുള്ള ഉന്നതി നിവാസികളുടെ ഭൂമിയ്ക്കായുള്ള കാത്തിരിപ്പ് അവസാനിപ്പിച്ച് 44 കുടുംബങ്ങൾക്ക് വനാവകാശ നിയമ പ്രകാരം 1.5 ഏക്കർ വീതം ഭൂമിയ്ക്ക് വ്യക്തിഗത അവകാശം നൽകി. |
| (ബി) | 2016 മുതൽ 2025 വരെ സംസ്ഥാനത്ത് ഭവനരഹിതരും ഭൂരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| | | | **സ.ഉ(സാധാ)നം.422/2025/SCSTDD തീയതി, 01.07.2025 പ്രകാരം അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്കാരിൽ ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നു.**<br><br>**2016 മുതൽ പുനരധിവസിപ്പിക്കപ്പെട്ട 1841 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.**<br><br>**സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള ലാന്റ് ബാങ്ക് പദ്ധതി ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളും നിലനിർത്തിക്കൊണ്ട് സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിന് സ.ഉ.(കൈ)നം. 44/2025/SCSTDD തീയതി, 10.11.2025, സ.ഉ.(കൈ)നം.49/2025/SCSTDD തീയതി, 24.12.2025 പ്രകാരം ഉത്തരവായിട്ടുണ്ട്.** |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വനാവകാശ നിയമ പ്രകാരം 3126 പേർക്ക് 4224.55 ഏക്കർ ഭൂമിയ്ക്ക് കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ